# പതിമൂന്നാം കേരള നിയമസഭ

പതിനാലാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട നിയമസഭ ചോദ്യം നം. 59**
**29/06/2015 - ലെ മറുപടിക്ക്**

## സംസ്ഥാനത്തിന്റെ കടബാദ്ധ്യത

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ.വി.ചെന്താമരാക്ഷൻ**<br>**,, വി.ശിവൻകുട്ടി**<br>**,, പി.കെ.ഗുരുദാസൻ**<br>**ഡോ.കെ.ടി.ജലീൽ** | **ശ്രീ. കെ. എം. മാണി**<br>**(ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി)** |
| (എ) സംസ്ഥാനത്തിന്റെ കടബാദ്ധ്യത ഈ സർക്കാരിന്റെ കാലത്ത് അതിഭീമമായ തോതിൽ വർദ്ധിച്ചതായ ആക്ഷേപം വിലയിരുത്തിയിട്ടുണ്ടോ; | 13-ാം ധനകാര്യ കമ്മീഷൻ ശുപാർശയനുസരിച്ചുള്ള 2011 ലെ കേരള ധന ഉത്തരവാദിത്വ (ഭേദഗതി) നിയമത്തിൽ നിഷ്കർഷിച്ചിട്ടുള്ള കടബാദ്ധ്യത -ജി.എസ്.ഡി.പിയുടെ അനുപാത ലക്ഷ്യങ്ങളും നേട്ടങ്ങളും ചുവടെ ചേർക്കുന്നു. |

(ശതമാനത്തിൽ)

| | 2011-12 | | 2012-13 | | 2013.14 | | 2014-15* | |
|---|---|---|---|---|---|---|---|---|
| | ലക്ഷ്യം | നേട്ടം | ലക്ഷ്യം | നേട്ടം | ലക്ഷ്യം | നേട്ടം | ലക്ഷ്യം | നേട്ടം |
| കടബാദ്ധ്യത മൊത്തം സംസ്ഥാന ആഭ്യന്തര ഉൽപ്പന്നത്തിന്റെ അടിസ്ഥാനത്തിൽ | 32.3 | 29.04 | 31.7 | 29.64 | 30.7 | 27.66 | 29.8 | 26.91 |

(*മൊത്തം സംസ്ഥാന ആഭ്യന്തര ഉൽപ്പന്നം ക്വിക്ക് എസ്റ്റിമേറ്റ് അടിസ്ഥാനത്തിലും കടബാദ്ധ്യത അക്കൗണ്ടന്റ് ജനറലിന്റെ പ്രാഥമിക കണക്കുകൾ പ്രകാരവും)

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 2011-12 സാമ്പത്തിക വർഷത്തിൽ പദ്ധതി അടങ്കൽ 12,010 കോടി രൂപയും 2012-13-ൽ 14,010 കോടി രൂപയും 2013-14-ൽ 17,000 കോടി രൂപയും 2014-15 ൽ 20,000 കോടി രൂപയുമാണ്. പദ്ധതി അടങ്കലിലെ വർദ്ധനവിനാനുപാതികമായി കടത്തിലും വർദ്ധനവ്

| | |
|---|---|
| | ഉണ്ടായിട്ടുണ്ട്. എങ്കിലും ഈ കാലയളവിൽ കടബാദ്ധ്യത 2011-ലെ ധന ഉത്തരവാദിത്ത (ഭേദഗതി) നിയമം അനുശാസിക്കുന്ന ലക്ഷ്യത്തിനുള്ളിൽ നിലനിർത്തുവാൻ സാധിച്ചിട്ടുണ്ട്.<br><br>മേൽ വസ്തുതകളുടെ വെളിച്ചത്തിൽ ഈ സർക്കാരിന്റെ കാലയളവിൽ സംസ്ഥാനത്തിന്റെ കടബാധ്യത അതിഭീമമായ തോതിൽ വർദ്ധിച്ചുവെന്ന് കണക്കാക്കുവാൻ കഴിയുകയില്ല. |
| (ബി) കഴിഞ്ഞ നാല് വർഷങ്ങളിലെ ബജറ്റുകളിൽ പ്രഖ്യാപിച്ച പദ്ധതികളിൽ ബഹുഭൂരിപക്ഷവും നടപ്പിലാക്കാത്തപ്പോഴും കടബാദ്ധ്യത ഏറിയതിന്റെ കാരണം വിശദമാക്കാമോ; | മേൽ ഉത്തരത്തിന്റെ വെളിച്ചത്തിൽ ബാധകമല്ല. |
| (സി) വിഭവ സമാഹരണം ഫലപ്രദമായി നടപ്പാക്കേണ്ട മേഖലകളിലെ അഴിമതി ഔദാര്യങ്ങൾ എന്നിവ കാരണം സമ്പദ്വ്യവസ്ഥയ്ക്ക് കോട്ടം സംഭവിയ്ക്കുന്നുവെന്ന ആക്ഷേപം വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ? | വിഭവ സമാഹരണം നടപ്പാക്കേണ്ട മേഖലകളിലെ അഴിമതി ഔദാര്യങ്ങൾ എന്നിവ കാരണം സമ്പദ്വ്യവസ്ഥയ്ക്ക് കോട്ടം സംഭവിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ ധനകാര്യ മാനേജ്മെന്റ് കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായും വിഭവ സംരക്ഷണത്തിനും അധിക വിഭവ സമാഹരണത്തിനും ഉതകുന്ന നടപടികൾ ഇതിനകം കൈക്കൊണ്ടിട്ടുണ്ട്. |

സെക്ഷൻ ആഫീസർ